**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2581 — 17.06.2019 ലെ മറുപടിയ്ക്ക്.

# ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾക്കും നവീകരണത്തിനും സ്വീകരിച്ച നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് : | | എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ ചുമതലയിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾക്കും നവീകരണത്തിനും സ്വീകരിച്ച നടപടികളും പദ്ധതിരേഖയും വിശദമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 84 പ്രീമെട്രിക് ഹോസ്റ്റലുകളും 19 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമാണ് ഉള്ളത്. ഈ ഹോസ്റ്റലുകൾ നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു. എല്ലാ ഹോസ്റ്റലുകളിലും അടിസ്ഥാന സൗകര്യങ്ങളുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. ടെലിവിഷൻ, ഫ്രിഡ്ജ്, വാട്ടർ പ്യൂരിഫയർ, വാഷിംഗ് മെഷീൻ, ഡ്രയർ, ഗ്രൈൻഡർ, മിക്സി, കമ്പ്യൂട്ടർ, ബയോഗ്യാസ് പ്ലാന്റ്, കൊതുകുവല തുടങ്ങിയ സൗകര്യങ്ങൾ എല്ലാ ഹോസ്റ്റലുകളിലും ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും അവ ഇല്ലാത്ത സ്ഥാപനങ്ങളിൽ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സ്ഥലം എം.എൽ.എ രക്ഷാധികാരിയായി ഉപദേശക സമിതികൾ എല്ലാ ഹോസ്റ്റലുകളിലും |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി യഥാസമയം ചേർന്ന് ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലേക്കാവശ്യമായ അറ്റകുറ്റപണികൾ നടത്തുന്നതിനും നവീകരിക്കുന്നതിനും പ്രൊപ്പോസലുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് തുക അനുവദിച്ചുവരുന്നു. നവീകരണം/അറ്റകുറ്റപ്പണികൾ ആവശ്യമായ എല്ലാ ഹോസ്റ്റലുകളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മാണം നടത്തിയ ശേഷം നാളിതുവരെ നടത്തിയ മെയിന്റനൻസ്/നവീകരണ പ്രവൃത്തികളുടെ വിവരങ്ങളും, ഏതൊക്കെ ഹോസ്റ്റലുകളിൽ എന്തൊക്കെ മെയിന്റനൻസ്/ നവീകരണ പ്രവർത്തനങ്ങൾ ആവശ്യമാണെന്ന വിവരവും ശേഖരിച്ചിട്ടുണ്ട്. അതിന്മേൽ തുടർ നടപടി സ്വീകരിച്ചു വരുന്നു. എല്ലാ പ്രീമെട്രിക് ഹോസ്റ്റലുകളിലും പഠനമേൽനോട്ടത്തിനായി മാനേജർ കം റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചിട്ടുമുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ഭൗതീക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് നിലവാരം ഉയർത്തുന്നതിനായി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീ-മെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച |

| | | | |
|---|---|---|---|
| | | | മാതൃകയിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.<br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ചുമതലയിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾക്കും നവീകരണത്തിനും സ്വീകരിച്ച നടപടികളും പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മാവേലിക്കര മണ്ഡലത്തിലെ ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾക്ക് സ്വീകരിച്ച നടപടികളും പദ്ധതിരേഖയും വിശദമാക്കാമോ? | (ബി) | ആലപ്പുഴ ജില്ലയിലെ മാവേലിക്കര മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കരിമുളയ്ക്കൽ (ഭരണിക്കാവ്) പെൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റലിൽ 33 വിദ്യാർത്ഥികളാണ് നിലവിലുള്ളത്. ടി ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതിനായി എല്ലാവിധ ഭൗതിക സാഹചര്യങ്ങളും വകുപ്പ് ഒരുക്കിയിട്ടുണ്ട്. അടുത്ത കാലങ്ങളിലായി ചുവടെപ്പറയുന്ന അധിക സാഹചര്യങ്ങൾ ടി ഹോസ്റ്റലിൽ ഒരുക്കിയിട്ടുണ്ട്.<br>1. ടോയ്ലറ്റ് സൗകര്യത്തോടു കൂടിയ വാച്ച്മാൻ കേബിൻ.<br>2. കുട്ടികൾക്ക് തുണി ഉണക്കുന്നതിനുള്ള ഷെഡ്.<br>3. പ്രീ ഫാബ്രിക്കേറ്റഡ് ഷീറ്റ് ഉപയോഗിച്ച് 6 സ്റ്റഡി റൂമുകൾ.<br>4. ഹോസ്റ്റൽ കെട്ടിടത്തിന്റെ ടെറസ് അലുമിനിയം ഷീറ്റ് ഉപയോഗിച്ച് റൂഫ് ചെയ്തു.<br>5. ബാത്ത് റൂമുകൾ അറ്റകുറ്റപ്പണികൾ നടത്തി.<br>6. ഹോസ്റ്റൽ പെയിന്റിംഗ് നടത്തി.<br>കൂടാതെ ബ്ലോക്ക് പഞ്ചായത്ത് മുഖേന 3,20,471/- രൂപ ചെലവഴിച്ച് സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചു. 2,54,700/- രൂപ ചെലവഴിച്ച് 6 |

| | | | |
|---|---|---|---|
| | | | കമ്പ്യൂട്ടറുകൾ വാങ്ങി. നാപ്കിൻ ഡിസ്പോസൽ മെഷീൻ സ്ഥാപിച്ചു. കുഴൽ കിണർ നവീകരിച്ചു. പുതിയ ഫ്രിഡ്ജ് വാങ്ങി, കട്ടിലുകൾ വാങ്ങി, ജനലുകളിൽ മൊസ്കിറ്റോ നെറ്റ് സ്ഥാപിച്ചു. സ്റ്റീൽ ബുക്ക് ഷെൽഫ് സ്ഥാപിച്ചു. മേൽപ്പറഞ്ഞ സൗകര്യങ്ങളോടെ ടി ഹോസ്റ്റൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No | Name of Project | Head of Account | Amount (in lakhs) | Implementing Agency | PO/TDO |
|---|---|---|---|---|---|
| 1 | Rennovation work at PMH Muthalamada palakkad | 2225-02-794-98-Special Central Assistance to Tribal Sub Scheme (p) | 45.85 | Kerala State Nirmithi Kendra, Palakkad | Palakkad |
| 2 | Proposal for Rennovation work at vazhachal Prematric Hostel (B) ,Thrissur. | | 45.00 | PWD, Building | Chalakudy |
| 3 | Renovation works at PMH, Anjukunnu, Mananthavady | | 21.70 | District Nirmithi Kendra, Wayanad | Mananthavady |
| 4 | Renovation works at PMH, Mampadu, Nilambur | | 28.112 | District Nirmithi Kendra, Malapuram | Nilambur |
| 5 | Renovation works at PMH, Nilambur (Girls) | | 14.332 | District Nirmithi Kendra, Malapuram | Nilambur |
| 6 | Renovation works at PMH, Vaninagar PMH, Kasargodu | | 27.500 | District Nirmithi Kendra, Malapuram | Kasargodu |
| 7 | Rennovation work at PMH MANIMOOLI Nilambur | | 16.70 | Nirmithi kendra Malappuram | Nilampur |
| 8 | Rennovation work at ELLUMANTHAM Prematric Hostel (B) ,Mananthavady | | 20.45 | Nirmithi kendra Wayanad | Mananthavady |
| 9 | Renovation works at PMH, POTHUKALLU Nilambur | | 27.00 | Nirmithi kendra Malappuram | Nilampur |
| 10 | Construction of Septic tank,soakpit and collection chamber for prematric hostel, Nanniyod | | 10.00 | PWD, Palode | Nedumangad |
| 1 | Renovation works at PMH, Thalapuzha(B) Mananthavady | | 17.5 | District Nirmithi Kendra, Wayanad | Mananthavady |
| 2 | Renovation works at PMH, Puthupady(G) Kozhikode | | 23 | Kerala State Housing Board Kozhikode | Kozhikode |
| **TOTAL** | | | **297.14** | | |

| Name of Project | Project Officer/Tribal Development Officer | Amount | Expenditure | Present Status |
|---|---|---|---|---|
| Renovation work at PMI 1(b) Thalapuzha | Mananthavady | 1,975,000 | 1,975,000 | Work in Progress |
| Renovation work at PMII (g) Mayyil | Kannur | 1,933,750 | 1,933,750 | Work in Progress |
| Renovation work at PMI I (g) Njaraneeli | Nedumangadu | 4,994,392 | 4,994,392 | Work in Progress |
| Renovation work at PMI I (g) Chungathara | Nilambur | 2,600,000 | 2,600,000 | Work in Progress |
| Renovation work at PMI I (g) Panamaram. | Mananthavady | 3,360,000 | 3,360,000 | |
| Renovation work at PMI I Pattencherry, Palakkad | Palakkad | 6,434,000 | 6,434,000 | |
| CCTV in 50 Hostels | All PO/TDO except Nilambur, Kanjirapally, Adimaly | 27,688,250 | 13,025,913 | completed |
| Installation of sanitary napkin vending machine & Incinator Various Prematric & Postmatric Girls Hostels | All PO/TDO except Kasargod | 1,752,960 | 15,82035 | |
| | **Total** | | **41,835,210** | **27,001,948** |